"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- ആർകെഐ പിഎംയു- ക്ലാർക്ക് തസ്തികയിൽ ശ്രീ. അബിൻ ചന്ദ്. എ. എസ് ന്റെ അന്യത്ര സേവന നിയമനം റദ്ദ് ചെയ്തും ശ്രീ. രജീഷ്. ജെ യ്ക്ക് നിയമനം ദീർഘിപ്പിച്ച് നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(പിപി) വകുപ്പ്**

G.O.(Rt)No.711/2026/LSGD തീയതി,തിരുവനന്തപുരം, 12-03-2026

---

പരാമർശം:-

1. സ.ഉ.(സാധാ)നം.197/2025-തസ്വഭവ തീയതി 20.01.2025
2. സ.ഉ.(സാധാ)നം.1860/2025/തസ്വഭവ തീയതി 28/07/2025
3. സ.ഉ.(സാധാ)നം.2341/2025/തസ്വഭവ തീയതി 25.09.2025
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 09.11.2025 തീയതിയിലെ LSGD/PD/22517/2025 -DEC3 നമ്പർ കത്ത്
5. പിഎംയു പ്രോജക്ട് ഡയറക്ടറുടെ 10.11.2025, 25.02.2026 തീയതികളിലെ എ1/336/2020/പിഎംയുഎൽഎസ്ജിഡി നമ്പർ കത്ത്
6. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 01.03.2026 ലെ ഡിഎച്ച്എസ്/1149/2026-ഇഡി1 നമ്പർ കത്ത്

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ വകുപ്പിനു കീഴിലെ ആർകെഐ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിൽ ജീവനക്കാരുടെ എണ്ണം പരാമർശം (2) ഉത്തരവ് പ്രകാരം, പുന:ക്രമീകരിക്കുകയും ഇതിൻ പ്രകാരം നിലനിർത്തിയിട്ടുള്ള ഒരു ക്ലാർക്ക് തസ്തികയിലേക്ക് തൃശ്ശൂർ ജില്ലയിലെ തെക്കുംകര കുടുംബാരോഗ്യ കേന്ദ്രത്തിലെ ക്ലാർക്കായ ശ്രീ. അബിൻ ചന്ദ്. എ. എസ്-നെ പരാമർശം (3) പ്രകാരം അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുകയും ചെയ്തിരുന്നു. എന്നാൽ ടിയാൻ ജോലിയിൽ പ്രവേശിക്കുന്നതിനായി ഹാജരായില്ല. ഇതു സംബന്ധിച്ച ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരാമർശം (6) പ്രകാരമുള്ള റിപ്പോർട്ടിൽ, ടിയാൾ നിലവിൽ മറ്റൊരു വകുപ്പിലേയ്ക്ക്

അന്യത്ര സേവന വ്യവസ്ഥ പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും ആയതിനാൽ പി.എം.യു വിലെ ക്ലാർക്ക് തസ്തികയിലേയ്ക്ക് മറ്റ് അപേക്ഷ പരിഗണിയ്ക്കുന്നതിന് എതിർപ്പില്ല എന്ന് ടിയാൻ അറിയിച്ചതായും സൂചിപ്പിച്ചിട്ടുണ്ട്.

പരാമർശം(1) പ്രകാരം, പിഎംയു വിലെ ക്ലാർക്ക് തസ്തികയിൽ ശ്രീ. രജീഷ്. ജെ യുടെ അന്യത്ര സേവന കാലാവധി 21.07.2025 വരെ മാത്രം ദീർഘിപ്പിച്ചു നൽകിയിരുന്നു. തുടർന്ന് ജീവനക്കാരുടെ എണ്ണം പുന:ക്രമീകരിച്ചതിനു ശേഷം പി.എം.യു വിൽ നിലനിർത്തിയ ഒരു ക്ലാർക്ക് തസ്തികയിൽ ശ്രീ. അബിൻ ചന്ദ് ന് നിയമനം നൽകിയിരുന്നവെങ്കിലും ടിയാൻ ജോലിയിൽ ഹാജരാകാത്ത സാഹചര്യത്തിൽ, പ്രസ്തുത തസ്തികയിൽ സേവന കാലാവധി അവസാനിച്ച ശേഷവും ശ്രീ. രജീഷ്. ജെ തുടർന്നു വരികയായിരുന്നുവെന്നും ആയതിൽ തുടരുന്നതിന് താല്പര്യം അറിയിച്ചിട്ടുണ്ടെന്നും ആയതിനാൽ ടിയാളുടെ സേവന കാലാവധി 21.07.2025 മുതൽ ഒരു വർഷത്തേയ്ക്കോ പി.എംയു വിന്റെ പ്രവർത്തന കാലാവധി അവസാനിയ്ക്കുന്ന വരെയോ ഏതാണോ ആദ്യം അതുവരെ ദീർഘിപ്പിയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഇതു സംബന്ധിച്ച പരാമർശം (4) പ്രകാരമുള്ള തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നിരാക്ഷേപ സാക്ഷ്യപത്രവും സഹിതം പരാമർശം (5) ലെ 10.11.2025 ലെ കത്ത് പ്രകാരം പ്രോജക്ട് ഡയറക്ടർ ശിപാർശ സമർപ്പിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പിനു കീഴിൽ ആർ.കെ.ഐ പി.എം.യു വിലെ ക്ലാർക്ക് തസ്തികയിൽ ശ്രീ. അബിൻ ചന്ദ്. എ. എസ് നെ നിയമിച്ചുകൊണ്ടുള്ള പരാമർശം(3) പ്രകാരമുള്ള സർക്കാർ ഉത്തരവ് റദ്ദ് ചെയ്തും, പ്രസ്തുത തസ്തികയിൽ ശ്രീ. രജീഷ്. ജെ-യുടെ അന്യത്ര സേവന വ്യവസ്ഥ പ്രകാരം നിയമന കാലാവധി 21.07.2025 മുതൽ പി.എം.യു വിന്റെ പ്രവർത്തന കാലാവധി അവസാനിയ്ക്കുന്ന വരെയോ, ഒരു വർഷത്തേയ്ക്കോ, ഏതാണോ ആദ്യം അതുവരെ നീട്ടി നൽകിയും ടിയാൻ 21.07.2025 അന്യത്ര സേവന വ്യവസ്ഥ പ്രകാരം സേവനമനുഷ്ഠിച്ച ഇതുവരെയുള്ള കാലാവധി ക്രമവൽക്കരിച്ചു നൽകിയും ഇതിനാൽ ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PREETHA K S
ADDITIONAL SECRETARY

പകർപ്പ്:-

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

ഡയറക്ടർ, ആരോഗ്യ വകുപ്പ്

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്

പ്രോജക്റ്റ് ഡയറക്ടർ, ആർകെഐ പിഎംയു

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (ഉചിത മാർഗ്ഗേന)

ആസൂത്രണ സാമ്പത്തികകാര്യ(ആർകെഐ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

അക്കൗണ്ടന്റ് ജനറൽ, (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം

ഓഫീസ് കോപ്പി/ കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by

Manju L S

സെക്ഷൻ ഓഫീസർ

Date: 12-03-2026 19:30:31